പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5969 8/7/2013- ൽ മറുപടിക്ക്

## രാത്രിയിലും മൃഗചികിൽസാ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് രാത്രിയിലും മൃഗചികിൽസാ സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് രാത്രികാലങ്ങളിൽ കർഷകർക്ക് മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം വാസസ്ഥലങ്ങളിൽ വീട്ടു പടിക്കൽ മൃഗചികിത്സാ സേവനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പൈലറ്റ് പ്രോഗ്രാം ആവിഷ്ക്കരിക്കുകയുണ്ടായി. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെ വെറ്ററിനറി ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് അവരിലൂടെ സേവനം ലഭ്യമാക്കി വരുന്നു. കൂടാതെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രാത്രികാലങ്ങളിൽ കർഷകർക്ക് മൊബൈൽ ഫോൺ വഴി മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി വെറ്ററിനറി ഡോക്ടർമാരെ ബന്ധപ്പെടാവുന്നതാണ്. |
| (ബി) ഏതെല്ലാം തലത്തിലാണ് ഇവ പ്രവർത്തിക്കുന്നത്; | (ബി) തെരെഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിലൂടെയാണ് ഈ സേവനം കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമാക്കി വന്നത്. ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് വെറ്ററിനറി ഡോക്ടർമാരെ നിയമിച്ചിട്ടുള്ളത്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഇവരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ ഈ സേവനം ലഭ്യമാക്കി വരുന്നു. ഈ സാമ്പത്തിക വർഷവും 20 ബ്ലോക്കുകളിൽ തുടങ്ങുന്നതിനും, കഴിഞ്ഞ വർഷം കരാർ അടിസ്ഥാനത്തിൽ നിയമിച്ചവർക്കുള്ള ഹോണറേറിയം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ